

**(ഉപരോധം ലംഘിച്ച് അതിസാഹസികമായി ഗസ്സയിലേക്ക് കപ്പൽ യാത്ര നടത്തിയ പ്രശസ്ത പത്രപ്രവർത്തക യിവോൺ റിഡ്‌ലി തന്റെ അനുഭവങ്ങൾ *അൽ മുജ്തമഅ്* അറബിവാരികയുടെ എഡിറ്റർ ശഅ്ബാൻ അബ്ദുർറഹ്മാനുമായി പങ്കുവെക്കുന്നു)**

അഭിമുഖം

**യിവോൺ റിഡ്‌ലി**

# ഗസ്സക്കെതിരെ സത്യവിരുദ്ധമായ പ്രചാരണങ്ങൾ

■ *ഉപരോധം ലംഘിച്ച് സൈപ്രസിൽനിന്ന് ഗസ്സയിലേക്ക് കപ്പൽയാത്ര നടത്തിയ 40 യൂറോപ്യരുടെ ആദ്യസംഘത്തിൽ നിങ്ങളും ഉൾപ്പെട്ടിരുന്നുല്ലോ. എന്തായിരുന്നു നിങ്ങളുടെ അനുഭവം?*

കടലിലായിരിക്കെ ഇസ്രയേൽ ഞങ്ങളെ ഭീഷണിപ്പെടുത്തി. ഞങ്ങളത് വകവെച്ചില്ല. ജീവന് ഭീഷണിയുണ്ടായേക്കുമെന്ന് ഞങ്ങളുടെ കപ്പിത്താൻ അറിയിച്ചു. എല്ലാ ഭീഷണികളും അവഗണിച്ച് ഞങ്ങൾ ഗസ്സ തീരത്തെത്തി. ഞങ്ങളുടെ കൈയിൽ ആയുധമൊന്നുമുണ്ടായിരുന്നില്ല. ഏത് സമയവും അവർക്ക് ഞങ്ങളെ ആക്രമിക്കാമായിരുന്നു. എന്നാൽ യു.എൻ സെക്രട്ടറി ജനറൽ ഇസ്രയേലുമായി ബന്ധപ്പെട്ടതിനാലാണ് കാര്യങ്ങൾ എളുപ്പമായത്.

■ *ഗസ്സയിൽ നിങ്ങൾ കണ്ടതെന്താണ്? നഗരം ചുറ്റിക്കറങ്ങിയപ്പോഴുണ്ടായ അനുഭവം?*

അവിടെ ഹമാസിനാണ് എല്ലാറ്റിലും കാര്യമായ റോൾ. നല്ല രീതിയിൽ അവർ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നു. അറബ് മേഖലയിൽ അവർ തെരഞ്ഞെടുപ്പിൽ മത്സരിച്ചാൽ ജനം അവർക്ക് വോട്ട് ചെയ്യാതിരിക്കില്ല.

■ *എന്തുകൊണ്ട്?*

ഗസ്സയിലെ ഹമാസ് നേതൃത്വം ലളിതമായ, വിനയാന്വിതമായ ജീവിതമാണ് നയിക്കുന്നത്. പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയും മറ്റുള്ളവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നിത്യ ജീവിതത്തിലും ഉപരോധം അനുഭവിക്കുന്നതിലും എല്ലാവരും തുല്യർ. ജനങ്ങൾക്കിടയിൽ ഒരു സാധാരണ വീട്ടിലാണ് ഹനിയ്യ താമസിക്കുന്നത്. ഇത് കാണുന്ന ആർക്കും ഹമാസിനോടുള്ള ആദരവ് വർധിക്കും. ഗസ്സയിൽ ഞാൻ കണ്ട ആഡംബര സ്വഭാവത്തിലുള്ള ഏക വീട് ഫലസ്ത്വീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് എന്ന അബൂമാസിന്റേതാണ്. ഹോളിവുഡ് വീടുകളോട് സദൃശമാണത്. ഹമാസ് അത് തകർത്തിട്ടില്ല, മറിച്ച് സംരക്ഷിച്ചു പോരുന്നു.

■ *നിങ്ങൾ എന്നെങ്കിലും അബൂമാസിനെ കണ്ടിട്ടുണ്ടോ?*

അതെ, ഇസ്‌ലാം ആശ്ലേഷിക്കുന്നതിന് മുമ്പ്. കുഴപ്പക്കാരനാണയാൾ, ഒരു പരിധിവരെ ജോൺ മെക്കയ്നോട് സദൃശൻ. എത്ര വീടുകൾ തന്റെ ഉടമസ്ഥതയിലുണ്ടെന്ന് അദ്ദേഹത്തിന് അറിയില്ല. മുൻ ഫലസ്ത്വീൻ പ്രസിഡന്റ് യാസിർ അറഫാത്തിനെയും ഞാൻ കണ്ടിട്ടുണ്ട്. ഫലസ്ത്വീനികളെ ഒരു കൊടിക്കീഴിൽ ഒരുമിച്ചു കൂട്ടാൻ കഴിയുന്ന വ്യക്തി എന്ന നിലക്ക് അദ്ദേഹം വ്യത്യസ്തനാണ്.

■ *ഹമാസ് ഗസ്സ കീഴടക്കിയതിനെത്തുടർന്ന്, അതൊരു ജയിലാണെന്നും താലിബാനിസം ആവർത്തിക്കുകയാണെന്നും ജനങ്ങളെ തടവിലിട്ട് പീഡിപ്പിക്കുകയാണെന്നും മേഖലക്ക് തന്നെ ഭീഷണിയാണെന്നുമുള്ള പ്രചാരണത്തെക്കുറിച്ച് എന്തുപറയുന്നു?*

ഇവയൊക്കെ സത്യവിരുദ്ധമായ പ്രചാരണങ്ങളാണ്. ഗസ്സയിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്ന് ഞങ്ങൾ അന്വേഷിച്ചു. ഞങ്ങളിൽ രണ്ടുപേർ ഗസ്സയിലെ ജയിലുകൾ സന്ദർശിച്ചു. എല്ലാം സാധാരണ നിലയിലാണ്. മഹ്മൂദ് അബ്ബാസിന്റെ അധികാര പരിധിയിൽ പടിഞ്ഞാറെ കരയിൽ ഹമാസ് തടവുകാർ അനുഭവിക്കുന്നതിന്റെ നേർ വിപരീതമായി പൗരന്മാരുടെയും തടവുകാരുടെയും അവകാശങ്ങൾ ഗസ്സയിൽ സംരക്ഷിക്കപ്പെടുന്നു.

■ *ജയിലുകളിലെ തടവുകാരോട് നിങ്ങൾ നേരിട്ട് സംസാരിച്ചുവോ?*

ഇല്ല, സൈപ്രസിൽനിന്ന് കപ്പലിൽ വന്ന ഒരു നേതാവാണ് തടവുകാരോട് സംസാരിച്ചത്. അദ്ദേഹം ഹമാസിനെ വെറുക്കുന്ന ആളാണ്. അദ്ദേഹമാണ് ഞങ്ങളോട് പറഞ്ഞത്, ജയിലുകളിലെ പെരുമാറ്റം തികച്ചും മാനുഷികമാണെന്ന്. ഏതെങ്കിലും തരത്തിലുള്ള മനുഷ്യാവകാശ ലംഘനം അദ്ദേഹത്തിന് കണ്ടെത്താനായില്ല. തികച്ചും സാധാരണമായ അവസ്ഥ ജയിലുകളിൽ കണ്ടതിൽ അതിശയപ്പെടുന്നു എന്നുകൂടി അദ്ദേഹം എന്നോട് പറഞ്ഞു. എന്നാൽ, മനുഷ്യാവകാശ ലംഘനവും പ്രയാസകരമായ രംഗങ്ങളും പ്രതീക്ഷിച്ചാണ് അദ്ദേഹം അവിടെ സന്ദർശിച്ചത്.

■ *ഉപരോധത്താൽ കടുത്ത പ്രയാസം അനുഭവിക്കുന്ന, സാധാരണ നിലയിലല്ലാത്ത ഗസ്സയിൽ ദിവസങ്ങളോളം താമസിച്ച നിങ്ങൾക്ക് ഭയം തോന്നിയില്ലേ?*

നേരെ മറിച്ച് നിർഭയത്വമാണ് ഞങ്ങൾക്ക് അവിടെ അനുഭവിക്കാനായത്. സത്യമായും ഞാൻ പറയട്ടെ, പല ലോക നഗരങ്ങളും സന്ദർശിച്ചപ്പോൾ ലഭിക്കാത്ത നിർഭയത്വം എനിക്ക് ഗസ്സയിൽ അനുഭവിക്കാൻ കഴിഞ്ഞു. രാത്രി പോലും നഗരത്തിൽ ചുറ്റിക്കറങ്ങാം എന്നത് തന്നെ ഇതിന് തെളിവാണ്.

■ *സാധാരണക്കാരെ നിരത്തുകളിൽവെച്ച് നിങ്ങൾ കണ്ടിരുന്നുവോ? അവരുമായി ഇടപഴകാൻ നിങ്ങൾക്ക് അവസരം ലഭിച്ചുവോ?*

അതെ, നിരത്തുകളിൽവെച്ച് സാധാരണ ജനങ്ങളുമായി ഞാൻ സംവദിച്ചു. അവരിൽ പലരും ഹമാസിനോട് വിയോജിക്കുന്നവരാണ്. തികഞ്ഞ സ്വാതന്ത്ര്യത്തോടെ അവർ അഭിപ്രായപ്രകടനങ്ങൾ നടത്തി. ഭരണകൂടത്തോട് എതിർപ്പുള്ളവർ നിർഭയം അതും പ്രകടിപ്പിച്ചു. നിങ്ങൾ ഈ സ്വാതന്ത്ര്യത്തെക്കുറിച്ച് അറബികൾക്കിടയിൽ പ്രചാരണം നടത്തണമെന്ന് ഞാൻ അവരോട് ആവശ്യപ്പെട്ടു. ഹമാസ് അധികാരത്തിൽ വന്ന ശേഷം ഗസ്സയിൽ കുറ്റകൃത്യങ്ങൾ 80 ശത

മാനത്തോളം കുറഞ്ഞിട്ടുണ്ടെന്ന് നിഷ്പക്ഷമായ ഒരു കണക്കെടുപ്പിൽ എനിക്ക് ബോധ്യമായി. ജനങ്ങൾ അവരുടെ രീതിയിൽ പാട്ട് പാടുകയും നൃത്തം വെക്കുകയും ചെയ്യുന്നു. ഹമാസ് അത് തടയുന്നില്ല. ഗസ്സയിലെ ഒരു പ്രദേശത്തിന്റെ ഭരണമേധാവിയുടെ കൂടെ ഒരു പാർട്ടിയിൽ ഞാൻ പങ്കെടുത്തു. ഇത്തരം ചടങ്ങുകൾ ഗസ്സയിൽ വിലക്കപ്പെട്ടതാണെന്നാണ് ഞാൻ കരുതിയിരുന്നത്. അതിനാൽ എനിക്ക് അതിശയം തോന്നി. ലണ്ടനിലെ കുറ്റകൃത്യങ്ങൾ കുറക്കാൻ നിങ്ങൾ ബ്രിട്ടനിലേക്ക് വരണമെന്ന് തമാശയായി ഞാൻ ഗസ്സ ഭരണ മേധാവിയോട് പറഞ്ഞു. സുരക്ഷാ കാരണങ്ങളാൽ രാത്രി നിശ്ചിത സമയത്തിനു ശേഷം പുറത്തിറങ്ങാൻ പറ്റാത്ത സ്ഥലങ്ങൾ ലണ്ടൻ നഗരത്തിലുണ്ട്.

■ *ഗസ്സയിലെ രാഷ്ട്രീയക്കാരിൽ ആരെങ്കിലുമായി സന്ധിച്ചോ?*

പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുമായി കൂടിക്കാഴ്ച നടത്തി. എനിക്കും കപ്പലിലുള്ള മറ്റു ചിലർക്കും ഫലസ്തീൻ പാസ്പോർട്ട് അനുവദിച്ചിരുന്നു. കൂടാതെ മറ്റു ചില രാഷ്ട്രീയ നേതാക്കളുമായും ഞങ്ങൾ കൂടിക്കാഴ്ച നടത്തുകയുണ്ടായി.

■ *ഹനിയ്യയുമായുള്ള കൂടിക്കാഴ്ചയുടെ അനുഭവമെന്തായിരുന്നു?*

ഇസ്ലാമിക ലോകത്ത് യഥാർഥ ജനാധിപത്യം നടപ്പാക്കുന്നത് ഉപരോധിക്കപ്പെട്ട ഗസ്സയിൽ മാത്രമാണെന്നാണ് എന്റെ വിശ്വാസം. ഹനിയ്യയാവട്ടെ, ജനങ്ങളെ സംഘടിപ്പിക്കാനും നയിക്കാനുമുള്ള തികഞ്ഞ രാഷ്ട്രീയ പാടവമുള്ള വ്യക്തിത്വവുമാണ്. മുമ്പ് അറഫാത്തിനുണ്ടായിരുന്ന ഈ പ്രത്യേകതകൾ പിൻഗാമിയായ അബൂമാസിനില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

■ *നിങ്ങളുടെ അഭിപ്രായത്തിൽ, അബൂമാസിനും ഇസ്മാഈൽ ഹനിയ്യയും തമ്മിലുള്ള വ്യത്യാസമെന്താണ്?*

ഉപരോധം ലംഘിച്ച് അവിടെ ചെന്ന ഞങ്ങളോട് ഒരു നന്ദി വാക്കുപോലും അബൂമാസിൻ പറഞ്ഞിട്ടില്ല. മറിച്ച് ഞങ്ങളുടെ ആഗമനം അത്ര പ്രാധാന്യമർഹിക്കുന്നില്ലെന്ന് ഞങ്ങൾ അവിടെ എത്തിയതിന്റെ മൂന്നാം ദിവസം അൽജസീറ ചാനലിൽ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. ഉപരോധത്തിനെതിരെ ഞങ്ങൾ നടത്തിയ യാത്ര വൻ വിജയമായിരുന്നെങ്കിലും അദ്ദേഹം അതിന്റെ പ്രാധാന്യം കുറച്ചു കാണിക്കുകയായിരുന്നു. റാമല്ലയിൽ ഇരുന്നുകൊണ്ട് തന്നെ ദശലക്ഷക്കണക്കിന് യൂറോ അദ്ദേഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. അതിൽനിന്ന് ചില്ലിക്കാശ് പോലും ഗസ്സ നിവാസികൾക്ക് അദ്ദേഹം നൽകുന്നില്ല.

ഇസ്മാഈൽ ഹനിയ്യയുടെയും അദ്ദേഹത്തിന്റെ സഹായിയുടെയും കൂട്ടുകാരുടെയും തികച്ചും സാധാരണ നിലയിലുള്ള വീടുകളിലേക്ക് ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. വൈദ്യുതി വിഛേദിക്കപ്പെട്ടതിനാൽ മെഴുകുതിരി വെട്ടത്തിലാണ് ഞങ്ങൾ ഇരുന്നത്. വൈദ്യുതി ഇല്ലാത്തതിനാൽ അത്താഴ വിരുന്ന് വേണ്ടെന്ന് വെച്ച് ഏതാനും മാമ്പഴമാണ് ഞങ്ങൾ മെഴുകുതിരി വെളിച്ചത്തിൽ രാത്രി ഭക്ഷണമായി കഴിച്ചത്. അവിടെ പ്രയാസപ്പെടുന്ന ജനങ്ങൾക്കറിയാം, തങ്ങളുടെ പ്രധാനമന്ത്രിയും ഇതേ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന്.

■ *മറ്റു രാഷ്ട്രീയക്കാരെക്കുറിച്ച്?*

ഭരണ സമിതിയിലുള്ള ചില അംഗങ്ങളെയും ഞാൻ കണ്ടിരുന്നു. പക്ഷേ, അവരിൽ മുപ്പതോളം അംഗങ്ങൾ ഇസ്രയേൽ ജയിലുകളിലാണുള്ളത്.

■ *ഫത്ഹ് നേതാക്കളുമായി നിങ്ങൾ കൂടിക്കാഴ്ച നടത്തിയില്ലേ?*

അബൂമാസിൻ ഞങ്ങളെ കാണാൻ വന്നില്ല, ഉയർന്ന നേതാക്കളും അതേ നിലപാടാണ് സ്വീകരിച്ചത്. അതിനാൽ ഞങ്ങൾ കണ്ടത് മൂന്നാം നിരയിലുള്ള ചിലരെയാണ്.

■ *അവരെന്താണ് പറഞ്ഞത്?*

അബൂമാസിനോ അദ്ദേഹം ഉത്തരവാദപ്പെടുത്തിയ ഒരു സംഘമോ ഞങ്ങളെ കാണാൻ സന്നദ്ധത കാണിക്കാത്തതിനാൽ മടിച്ചുകൊണ്ടാണ് അവർ വന്നത്. അബൂമാസിന്റെ നിലപാടും പ്രസ്താവനയും ഞാൻ മുമ്പ് പറഞ്ഞല്ലോ. വിശപ്പും രോഗങ്ങളും മരണവും മുന്നിൽകാണുന്ന, ഉപരോധിക്കപ്പെട്ടവർക്ക് ഞങ്ങളുടെ യാത്ര ഉപകരിച്ചെങ്കിലും അത് സുപ്രധാനമല്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ ഗസ്സയെ രക്ഷിക്കാനുള്ള കടൽമാർഗം

**കടലിലായിരിക്കെ ഇസ്രയേൽ ഞങ്ങളെ ഭീഷണിപ്പെടുത്തി. ഞങ്ങളത് വകവെച്ചില്ല. ജീവന് ഭീഷണിയുണ്ടായേക്കുമെന്ന് ഞങ്ങളുടെ കപ്പിത്താൻ അറിയിച്ചു. എല്ലാ ഭീഷണികളും അവഗണിച്ച് ഞങ്ങൾ ഗസ്സ തീരത്തെത്തി. ഞങ്ങളുടെ കൈയിൽ ആയുധമൊന്നുമുണ്ടായിരുന്നില്ല. ഏത് സമയവും അവർക്ക് ഞങ്ങളെ ആക്രമിക്കാമായിരുന്നു.**



തുറക്കാൻ യാത്രയിലൂടെ സാധിച്ചു.

■ *ഉപരോധം ലംഘിച്ചുകൊണ്ട് സൈപ്രസിൽനിന്നുള്ള രണ്ടാം യാത്രയിൽ നിങ്ങളെന്താണ് പങ്കെടുക്കാതിരുന്നത്?*

അതിൽ പങ്കെടുക്കണമെന്ന് ഞാനാഗ്രഹിച്ചിരുന്നു. പക്ഷേ, അഫ്ഗാനിലെ പ്രത്യേക കേന്ദ്രങ്ങളിൽ അമേരിക്കൻ തടവിലുള്ള അറബ്-മുസ്‌ലിം വനിതകളെക്കുറിച്ച് ഒരു ടെലിവിഷൻ ചാനലിന് വേണ്ടി ഡോക്യുമെന്ററി തയാറാക്കാൻ എനിക്ക് ഇങ്ങോട്ട് (ലാഹോറിലേക്ക്) പോരേണ്ടി വന്നു. ഈ തടവുകാരികളെക്കുറിച്ച് ലോകത്ത് ഒരാൾക്കും വിവരമില്ല. തടവിൽ വനിതകളുണ്ടെന്ന കാര്യം തന്നെ അമേരിക്ക ആദ്യം നിഷേധിച്ചിരുന്നു.

■ *നിങ്ങളെങ്ങനെയാണ് അവരെക്കുറിച്ച് അറിഞ്ഞത്?*

ബാഗ്റാമിലെ തടവറയിൽ 650-ാം നമ്പർ തടവുകാരിയുണ്ട്. അവൾ ഷാഫീല എന്ന പാക്പൗരയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റു അറബ്-മുസ്‌ലിം സ്ത്രീകളും, അമേരിക്കൻ മുസ്‌ലിം വനിതകൾ വരെയും തടവറയിലുണ്ടായേക്കാം. അവരുടെ എണ്ണവും നിജസ്ഥിതിയും മനസ്സിലാക്കാനാണ് ഞാനവിടെ പോകുന്നത്. പ്രത്യേകിച്ചും അമേരിക്കൻ പ്രതിരോധ മന്ത്രാലയവുമായി (പെന്റഗൺ) ഞാൻ മൂന്ന് തവണ ബന്ധപ്പെട്ട് അഫ്ഗാനിലെ അമേരിക്കൻ തടവറയിൽ മുസ്‌ലിം വനിതകളുണ്ടോ എന്നന്വേഷിച്ചു. നിഷേധമായിരുന്നു മറുപടി. അവസാനം, കഴിഞ്ഞ ആഗസ്റ്റിൽ ലഭിച്ച മറുപടിയനുസരിച്ച് 650-ാം നമ്പറിലുള്ള ഒരു തടവുകാരിയുണ്ടെന്ന് അവർ സമ്മതിച്ചു. ഞാനവരോട് ചോദിച്ചു: 'നിങ്ങൾ എന്തിനാണ് നിഷേധിക്കുന്നത്. വനിതാ തടവുകാരുടെ യഥാർഥ എണ്ണം എത്രയാണെന്ന് നിങ്ങൾ എന്തുകൊണ്ട് വ്യക്തമാക്കുന്നില്ല?' അവർ ഈ തടവുകാരികളോട് മോശമായി പെരുമാറിയിട്ടുണ്ട്. അത് പുറത്തറിയാൻ അവർ ആഗ്രഹിക്കുന്നില്ല. ബാഗ്റാമിലും മറ്റും കൂടുതൽ തടവുകാരികളുണ്ടെന്ന് എനിക്കുറപ്പാണ്. ഇതിന്റെയൊക്കെ നിജസ്ഥിതി തേടിയാണ് ഞാൻ പോകുന്നത്.

■ *അഫ്ഗാനിലെ അമേരിക്കൻ സൈന്യം ഇതിന് നിങ്ങളെ അനുവദിക്കുമോ?*

ഇല്ല. എങ്കിലും ഞാൻ എന്റെ ദൗത്യം തുടങ്ങും. ഒരു തടവുകാരിയുണ്ടെന്ന് ഞാൻ കണ്ടെത്തിയതാണ്. ആദ്യം അവളെ കണ്ടെത്തിയാൽ മറ്റുള്ളവരെക്കുറിച്ചും അന്വേഷിക്കാനാവും.

**ഗസ്സയിലെ ഹമാസ് നേതൃത്വം ലളിതമായ, വിനയാന്വിതമായ ജീവിതമാണ് നയിക്കുന്നത്. പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയും മറ്റുള്ളവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നിത്യ ജീവിതത്തിലും ഉപരോധം അനുഭവിക്കുന്നതിലും എല്ലാവരും തുല്യർ. ജനങ്ങൾക്കിടയിൽ ഒരു സാധാരണ വീട്ടിലാണ് ഹനിയ്യ താമസിക്കുന്നത്. ഇത് കാണുന്ന ആർക്കും ഹമാസിനോടുള്ള ആദരവ് വർധിക്കും.**

■ *ഈ ദൗത്യത്തിലെ അപകടം നിങ്ങൾ കാണുന്നില്ലേ?*

എനിക്ക് ഭയമില്ല; ഇവരെ നാം ഭയപ്പെട്ടാൽ അവർ നമ്മെ പിന്തുടരും, നാം അവർക്ക് അഭിമുഖമായി നിന്നാൽ അവരാണ് ഭയപ്പെടുക.

■ *പക്ഷേ നിങ്ങളിന്ന് പർദ ധരിച്ച ഒരു മുസ്‌ലിം വനിതയാണ്. അമേരിക്ക തീവ്രവാദികളെന്ന പേരിൽ തടവിലാക്കിയ വനിതകളെ അന്വേഷിച്ചു ചെന്നാൽ നിങ്ങളെയും തടവിലാക്കുമെന്നും കുതന്ത്രത്തിൽ വധിക്കുമെന്നും ഭയമില്ലേ?*

അത്തരത്തിലൊന്നും ഞാൻ ഭയപ്പെടുന്നില്ല. മുസ്‌ലിം സ്ത്രീ എന്ന നിലക്ക് ഞാൻ എന്റെ കടമ നിറവേറ്റുന്നു. നിരപരാധികളായ ഈ വനിതകളെ മോചിപ്പിക്കാനുള്ള പുരുഷന്മാർ മുസ്‌ലിം ലോകത്ത് ഉണ്ടാവുന്നതുവരെ ഞാനെന്റെ ദൗത്യം തുടരും.

പ്രവാചകന്റെ കാലത്ത് ജൂതന്മാരിലൊരാൾ ഒരു മുസ്‌ലിം സ്ത്രീയെ വിവസ്ത്രയാക്കാൻ തുനിഞ്ഞതിന് കനത്ത തിരിച്ചടിയാണ് ലഭിച്ചത്. അബ്ബാസി ഭരണകാലത്ത് ശത്രുക്കളിലൊരാൾ സമാനമായ കുറ്റം ചെയ്തതിനുമുണ്ടായി അർഹമായ മറുപടി. പക്ഷേ ഇന്ന് ഇറാഖിലെ അബൂഗുറൈബിലും അഫ്ഗാനിലെ തടവറയിലും പീഡിപ്പിക്കപ്പെടുന്ന മുസ്‌ലിം സ്ത്രീകളിൽ ഒരാൾ മാത്രമാണ് ഷാഫീല എന്ന 650-ാം നമ്പർ തടവുകാരി. അവർക്ക് വേണ്ടി ഒരാളും അനങ്ങുന്നില്ല.

■ *ഒരാളെക്കുറിച്ച് മാത്രമാണ് ഇതുവരെ വിവരം ലഭിച്ചതെന്ന സ്ഥിതിക്ക് അഫ്ഗാനിൽ വേറെയും വനിതാ തടവുകാരുണ്ടെന്ന് നിങ്ങൾക്കെന്താണുറപ്പ്?*

തടവുചാടിയ നാലു ജയിൽ പുള്ളികളെക്കുറിച്ചുള്ള റിപ്പോർട്ട് *'അൽഅറബിയ്യ'* ചാനൽ പുറത്തുവിട്ടിരുന്നു. അതിൽ ഒരാളുടെ ഫോട്ടോ കാണിച്ചിരുന്നെങ്കിലും പേർ വെളിപ്പെടുത്തിയിരുന്നില്ല. അദ്ദേഹം ഇന്നെവിടെയാണെന്നറിയില്ല. അമേരിക്കൻ സൈനികർ മാനഭംഗപ്പെടുത്തിയ തടവുകാരിയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നു. പുരുഷന്മാർക്കിടയിൽ തടവിൽ താമസിപ്പിച്ചിരുന്ന ഇവർ പ്രാഥമിക ആവശ്യങ്ങൾ നിർവഹിച്ചിരുന്നതുപോലും മറ്റു തടവുകാരുടെ മുന്നിൽവെച്ച് മറയില്ലാതെയായിരുന്നു. അവർ അവിടെവെച്ച് നിരാഹാരം പ്രഖ്യാപിച്ചിരുന്നു.

■ *അഫ്ഗാൻ സർക്കാർ നിങ്ങൾക്ക് പ്രവേശനാനുമതി നൽകുമോ?*

അതെ, വിസ എനിക്ക് ലഭിച്ചിട്ടുണ്ട്. അമേരിക്കക്കാരെ ബന്ധപ്പെട്ട് ഞാൻ ബാഗ്റാമിലേക്ക് വരികയാണെന്ന് അറിയിച്ചപ്പോൾ അനുമതി നൽകില്ലെന്നാണ് മറുപടി ലഭിച്ചത്. പക്ഷേ ഞാൻ വന്ന് പുറമെനിന്ന് ഫോട്ടോ എടുത്ത് എനിക്ക് പ്രവേശനം നിഷേധിച്ചു എന്ന് പരസ്യപ്പെടുത്തുമെന്ന് ഞാനും മറുപടി പറഞ്ഞിട്ടുണ്ട്.

■ *ജീവൻ അപകടപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം കൃത്യങ്ങളിൽ നിങ്ങൾ എന്തിനാണ് വ്യാപൃതയാകുന്നത്?*

ഞാൻ പറഞ്ഞല്ലോ, സത്യം അന്വേഷിക്കുക എന്നത് എന്റെ തൊഴിലായിരുന്നു. ഈ ജിഹാദ് ഞാൻ തുടരും. മുസ്‌ലിം വനിതക്ക് ഏറെ ചെയ്യാനാവുമെന്നും നിങ്ങൾ അറിയണം. ഓരോരുത്തരും അവന് ചെയ്യാവുന്നത് കണ്ടെത്തണം. വഴി കണ്ടെത്തിയാൽ അതിൽ പ്രയാണം ചെയ്യണം. കഴിവുള്ള ചിത്രകാരനുണ്ട്, നിപുണനായ ഡോക്ടറുണ്ട്. ഞാൻ മാധ്യമ പ്രവർത്തകയാണ്. ഈ രംഗത്ത് പുതിയ സൃഷ്ടികൾ നൽകാൻ ഞാൻ ശ്രമിക്കുന്നു. എനിക്ക് സാധിക്കുന്ന ദീനീ സേവനം എന്റെ തൊഴിലിലൂടെ ഞാൻ നിർവഹിക്കുന്നു.

■ *എങ്കിൽ, ജിഹാദിനോടുള്ള നിങ്ങളുടെ*

*കാഴ്ചപ്പാടെന്താണ്?*

എന്റെ വീക്ഷണമനുസരിച്ച് സെപ്റ്റംബർ 11-ലെ ആക്രമണം ജിഹാദല്ല. എന്നാൽ ഇറാഖിലും അഫ്ഗാനിലും ഫലസ്തീനിലും അധിനിവേശത്തെ ചെറുത്തുതോൽപിക്കുന്നതിന് വേണ്ടി നടത്തുന്ന പോരാട്ടത്തിന് പിന്തുണ ലഭിക്കേണ്ടതുണ്ട്.

■ *സെപ്റ്റംബർ 11-നു ശേഷം പടിഞ്ഞാറ് കാര്യമില്ലാതെ ഇസ്‌ലാമിനെ പ്രതിക്കൂട്ടിലാക്കുന്നതിനെക്കുറിച്ചും പടിഞ്ഞാറൻ രാജ്യങ്ങളിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും എന്താണ് വിശദീകരണം?*

പാശ്ചാത്യർ അവർക്ക് സ്വീകാര്യമായ ഒരു ഇസ്‌ലാമാണ് ലക്ഷ്യമാക്കുന്നത്.

■ *പടിഞ്ഞാറൻ മാധ്യമങ്ങൾ ഇസ്‌ലാമിനെ അധിക്ഷേപിക്കുന്നതിനെക്കുറിച്ച്?*

ഇസ്‌ലാമിന്റെ കഥ കഴിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണിത്.

■ *ഇസ്‌ലാമിനെക്കുറിച്ചുള്ള അജ്ഞതയാണോ ഇതിന് കാരണം?*

അല്ല, ഇസ്‌ലാം പ്രചരിക്കുമെന്ന ഭീതിയാണ് അതിന് കാരണം. കുറ്റകൃത്യങ്ങൾ അധികരിച്ചത് കാരണം അമേരിക്ക ചില സംസ്ഥാനങ്ങളിൽ പോലീസിനെ ഉപയോഗിച്ച് മദ്യം നിരോധിക്കാൻ ശ്രമിച്ചു. പരാജയമായിരുന്നു ഫലം. എന്നാൽ അമേരിക്കയിൽ ഇസ്‌ലാം സ്വീകരിക്കുന്നവർ ഒരു ബാഹ്യപ്രേരണയും കൂടാതെ തന്നെ മദ്യം സ്വയം വർജിക്കുന്നു. ഇസ്‌ലാമിൽ ഇവർക്ക് ഭയപ്പെടേണ്ടതായ ഒരു ശക്തിയുണ്ടെന്ന് ഇതിലൂടെ അവർക്ക് ബോധ്യമാകുന്നു.

■ *ഇസ്‌ലാമിനെ വികൃതമാക്കുന്ന ചില ധാരണകൾ പടിഞ്ഞാറുണ്ട്, പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യത്തിൽ. എന്തു പറയുന്നു?*

എനിക്കറിയാവുന്ന മുസ്‌ലിം വനിത ശക്തയാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും അവൾ അവളുടെ ദൗത്യം നിർവഹിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ടവളല്ല അവൾ. മുസ്‌ലിം സ്ത്രീകൾക്കിടയിലുള്ള സാഹോദര്യം പടിഞ്ഞാറിനെ വിറളി പിടിപ്പിക്കുന്നുണ്ടന്നും നാം അറിയണം.

■ *പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്ന മുസ്‌ലിം പേരുകളിലുള്ള, ഇസ്‌ലാമിനെ അധിക്ഷേപിക്കുന്ന ബംഗ്ലാദേശുകാരി തസ്‌ലീമ നസ്‌റിൻ, സോമാലിയക്കാരി അയാൻ ഹർസി അലി, അമേരിക്കക്കാരി ആമിന വദൂദ് പോലുള്ളവരെ നിങ്ങളറിയുമോ, നിങ്ങൾ അവരെ എങ്ങനെ കാണുന്നു?*

ഇവർക്ക് ഇസ്‌ലാം എന്താണെന്നറിയില്ല. തികച്ചും മറ്റു ചില വിഷയങ്ങളാണ് ഇവർ പറയുന്നത്. ഇസ്‌ലാം ആരെയും ബലപ്രയോഗം നടത്തുന്നില്ലല്ലോ, അവർക്ക് ഇസ്‌ലാം സ്വീകാര്യമല്ലെങ്കിൽ അതുപേക്ഷിച്ച് ഇഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ. എന്തിന് മുസ്‌ലിംകളായി നിലകൊള്ളുന്നു.

■ *തുർക്കി, തുനീഷ്യ പോലുള്ള മുസ്‌ലിം രാജ്യങ്ങളിൽ പർദക്കെതിരെ യുദ്ധം പ്രഖ്യാപിച്ചതിനെക്കുറിച്ച് എന്ത് പറയുന്നു?*

തുർക്കിയിലെ സർവകലാശാലയിൽ പർദയെക്കുറിച്ച് പ്രഭാഷണം നടത്താൻ ക്ഷണം ലഭിച്ചതനുസരിച്ച് ഒരു മാസം മുമ്പ് ഞാനവിടെ പോയിരുന്നു. പർദ ധരിച്ച് അവിടെയെത്തിയ എന്നെ അതഴിച്ചു വെക്കാതെ അകത്തു കടക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് ഒരാൾ തടഞ്ഞു. ഞാനവനോട് ചോദിച്ചു: "നിന്റെ ഈ കർമത്തെക്കുറിച്ച് ഒരു ദിവസം അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന് നീ ഓർക്കുന്നില്ലേ. നീ പർദ അഴിക്കാൻ പറയുന്നത് നിന്റെ സഹോദരിയോടാണെങ്കിൽ നിന്റെ നിലപാടെന്തായിരിക്കും?" അദ്ദേഹം എന്നോട് ക്ഷമാപണം നടത്തിക്കൊണ്ട് പറഞ്ഞു:

**ഗസ്സയിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്ന് ഞങ്ങൾ അന്വേഷിച്ചു. ഞങ്ങളിൽ രണ്ടുപേർ ഗസ്സയിലെ ജയിലുകൾ സന്ദർശിച്ചു. എല്ലാം സാധാരണ നിലയിലാണ്. മഹ്മൂദ് അബ്ബാസിന്റെ അധികാര പരിധിയിൽ പടിഞ്ഞാറെ കരയിൽ ഹമാസ് തടവുകാർ അനുഭവിക്കുന്നതിന്റെ നേർ വിപരീതമായി പൗരന്മാരുടെയും തടവുകാരുടെയും അവകാശങ്ങൾ ഗസ്സയിൽ സംരക്ഷിക്കപ്പെടുന്നു.**

"ഞാൻ എന്റെ ജോലി നിർവഹിക്കുക മാത്രമാണ് ചെയ്യുന്നത്." ഞാനവനോട് പറഞ്ഞു: "രക്തബന്ധത്തിലുള്ളവരെക്കുറിച്ച് സംരക്ഷണബോധമുള്ള ഒരാൾക്ക് ഇങ്ങനെ പറയാനാവില്ല."

പർദ ധരിച്ചുകൊണ്ടുതന്നെ ഞാൻ സർവകലാശാലയിൽ വന്ന് പ്രഭാഷണം നടത്തി. പ്രഭാഷണത്തിനിടക്ക് ഞാൻ പറഞ്ഞു: "തുർക്കിയുടെ തെക്കുഭാഗത്തു ചെന്ന് ഞാൻ മദ്യപിക്കുകയോ ഭാഗികമായോ പൂർണമായോ വസ്ത്രമുരികയുകയോ ചെയ്താൽ എന്നെ ആരും അതിൽനിന്ന് തടയില്ല എന്നത് നാണിപ്പിക്കുന്ന സംഗതിയാണ്. പർദ തടയുന്ന സൈനിക ഉദ്യോഗസ്ഥർ തങ്ങളുടെ പെൺമക്കൾ തെക്കൻ തുർക്കിയിൽചെന്ന് ഈ വൃത്തികേടുകൾ അഭ്യസിക്കണമെന്ന് പറയുമോ?" ഇതുകേട്ട് സദസ്സ് പ്രകോപിതരായി. കാരണം തുർക്കികൾ അവരുടെ സ്ത്രീകളെയും പെൺമക്കളെയും കുറിച്ച് പരാമർശിച്ചാൽ വേഗം ഇളകിവശാകുന്ന പ്രകൃതക്കാരാണ്.

■ *പർദക്കെതിരെ പോരാടുന്ന മുസ്‌ലിം ലോകത്തെ വനിതകളോട് നിങ്ങൾക്കെന്താണ് പറയാനുള്ളത്?*

ഇസ്‌ലാം സ്വീകരിച്ച എന്നെപോലുള്ളവർ പർദയോട് കാണിക്കുന്ന നിലപാട് വികൃതമാക്കുക എന്നല്ലാതെ അവർക്ക് പ്രത്യേകിച്ച് വിഷയമൊന്നുമില്ല. നിങ്ങളുദ്ദേശിച്ചത് പ്രവർത്തിച്ചുകൊള്ളുക, ഇസ്‌ലാമിനുവേണ്ടി ഞങ്ങളുദ്ദേശിക്കുന്നത് പ്രവർത്തിക്കാൻ ഞങ്ങളെ വിട്ടേക്കുക എന്നാണ് അവരോട് എനിക്ക് പറയാനുള്ളത്.

■ *പടിഞ്ഞാറ് ഇസ്‌ലാമിന്റെ ഭാവിയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?*

ഭാവി മഹത്തരമായിരിക്കും, ഇൻശാ അല്ലാഹ്. ജനങ്ങൾ ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്ന വന്ധ്യമായ ജീവിതവും മോശമായ ശീലങ്ങളും അവർക്ക് മടുത്തിരിക്കുന്നു. സത്യം അന്വേഷിക്കാൻ അവർ ആരംഭിച്ചിരിക്കുന്നു എന്നതിനാലാണ് നൂറ് വർഷത്തിനകം പാശ്ചാത്യ നാടുകളിൽ ഇസ്‌ലാം മേധാവിത്വം പുലർത്തുമെന്ന് ഞാൻ പറയുന്നത്. പടിഞ്ഞാറ് ഇസ്‌ലാം ആശ്ലേഷിക്കുന്നവർ ആവാഹിക്കുന്ന ശക്തി അപാരമാണ്. ഖുദ്സിന്റെ മോചനത്തിലേക്ക് നമ്മെ നയിക്കുന്ന ഒരു സ്വലാഹുദ്ദീൻ അയ്യൂബി അവിടെ ജന്മം കൊള്ളുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**വിവ: അസ്ഹർ പുള്ളിയിൽ**